©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 9th December 2009<br>2009 ഡിസംബർ 9<br>18th Agrahayana 1931<br>1931 അഗ്രഹായനം 18 | No. 2293<br>നമ്പർ 2293 |


## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

നമ്പർ 30655(3)/ഇഎം3/09/തസ്വഭവ. *തിരുവനന്തപുരം, 2009 ഡിസംബർ 9.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 92/94/എൽഎഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 479/94-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം VI ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (2)-ാം കോളത്തിൽ പറയുന്ന നഗരസ്വഭാവമാർജിച്ച ഗ്രാമ പഞ്ചായത്തുകളെ, ഇവയോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളോട് 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സംയോജിപ്പിക്കുവാനും അതിന് (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

33/4247/2009/DTP.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ചുദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽ നിന്നോ, ഗ്രാമ പഞ്ചായത്തുകളിൽ നിന്നോ, മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിക്കകം അയച്ചുതരേണ്ടതാണ്.

## പട്ടിക

| ജില്ല | കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകൾ | കൂട്ടിച്ചേർക്കപ്പെടുന്ന മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | മുനിസിപ്പൽ കോർപ്പറേഷന്റെ ആസ്ഥാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | ശ്രീകാര്യം ഗ്രാമപഞ്ചായത്ത്, വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്, കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്, വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്, കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം കോർപ്പറേഷൻ | തിരുവനന്തപുരം |
| കോഴിക്കോട് | എലത്തൂർ ഗ്രാമപഞ്ചായത്ത്, ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്, ബേപ്പൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് കോർപ്പറേഷൻ | കോഴിക്കോട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.